## കൽക്കിയെത്തും മുൻപേ

മഹാമായിക തന്റെ കൈകൾ മുകളിലേക്ക് ഉയർത്തി ഏകാഗ്രതയോടെ ഒറ്റക്കാലിൽ നിന്ന് തപസ്സ് ചെയ്യുകയാണ്.. തപസ്വിനിയവൾ ഇപ്പോഴും യൗവനയുക്തയും, കോമളാംഗിയുമാണ്..

എന്ത് വശ്യസൗന്ദര്യമാണ് അവളിൽ നിഗൂഢമായിരിക്കുന്നത്. പ്രണയലോലുപനായ പ്രപഞ്ച ശിൽപ്പി ആരെയും മയക്കുന്ന ആകാരവടിവാണ് അവൾക്ക് വരദാനമായി നൽകിയിരിക്കുന്നത്.

യൗവനത്തിന്റെ നിറവിൽ വാകപ്പൂ പോലുള്ള അവളുടെ സുന്ദര മേനിയിൽ തുളുമ്പുന്ന മാസ്മരികത മറയ്ക്കാൻ മുഖപടവും, മുലക്കച്ചയും, അണിവയറിനു താഴെയായ് അരക്കെട്ട് മുതൽ പാദം വരെ ഞൊറിഞ്ഞുടുത്ത തൂവെള്ള ഉടയാടയും എത്രയോ അപര്യാപ്തമാണ്!

തപസ്സിന് പുറപ്പെടുന്നതിനു കുറച്ചുനാൾ മുൻപ് വരെ മഹാമായിക തന്റെ അഞ്ച് കാമുകന്മാർക്കൊപ്പം മാറി മാറി രമിച്ച് പ്രണയാനുഭൂതിയിൽ കഴിയുകയായിരുന്നു. അങ്ങനെയിരിക്കെ എല്ലാ സുഖങ്ങൾക്കുമിടയിൽ എന്തോ ഒരു മ്ലാനത അവളുടെ മനസ്സിനെ അലോസരപ്പെടുത്താൻ തുടങ്ങി..

എന്തോ അത്യാപത്ത് വരാനിരിക്കുന്നതുപോലെ ഒരു തോന്നൽ..

ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല.
സമനില തെറ്റിയതുപോലെ ഒരുൾക്കിടിലം..

ചിന്തകൾ പിടിവിട്ട് പോകാൻ തുടങ്ങിയിരിക്കുന്നു...
മനസ്സിൽ ഏതോ നൊമ്പരം കുടിയിരിക്കയാണ് - ഹൃത്തിൽ നിന്നും ഒഴിപ്പിക്കാനാകാത്ത വ്യഥ..

ആയതിനാലാണ് ബ്രഹ്മബലം നേടാനായി എല്ലാവരിൽ നിന്നും അകന്ന് ഇവിടെ ഈ ഗിരിശൃംഗത്തിൽ വന്ന് തപസ്സനുഷ്ഠിക്കാൻ കാരണം..

മഹാമായിക ഇപ്പോൾ സർവ്വവും മറന്ന് ധ്യാനത്തിൽ ലയിച്ചിരിക്കുകയാണ്.
തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടി അവൾ  തന്റെ തപം തുടർന്നു. മനസ്സ് ഏകാഗ്രമാക്കി ചുറ്റും നടക്കുന്നതൊന്നുമറിയാതെ സ്വയം മറന്നുള്ള തപസ്സ്.

അവളുടെ കാൽച്ചുവട്ടിൽ  വിസ്തൃതമായ പച്ചപ്പ് തടുക്കു വിരിച്ചിരുന്നു. യോഗയിൽ തുടങ്ങി ധ്യാനത്തിൽ അവസാനിക്കുന്ന പരിശീലനം.. ഓരോ ദിവസവും കൂടുതൽ നേരമുള്ള ധ്യാനം..

തന്റെ ഭ്രൂമധ്യത്തിൽ വിടരുന്ന നക്ഷത്രം, ദേഹമാസകലം പടർന്നു കയറുന്ന സ്വർണ്ണനിറമാർന്ന വെളിച്ചം - ആ പ്രകാശധാരയിൽ അവളെല്ലാം മറന്നു.

മനോഹരമായ അംഗോപാംഗങ്ങളോടുകൂടിയ വടിവൊത്ത അവളുടെ പൂമേനി പക്ഷെ ഈ കൊടിയ തപസ്സ് എത്ര നാൾ സഹിക്കുമെന്ന് ഒരൂഹവുമില്ല.

ഭ്രൂമധ്യത്തിൽ കേന്ദ്രീകൃതമാണെങ്കിലും അവളുടെ ചിന്തകൾ ചിലപ്പോഴൊക്കെ പിടിവിട്ട് പോകാറുണ്ട്.

അന്നൊരിക്കൽ ചഞ്ചലമായ മനസ്സ് ജീവിതപന്ഥാവിലൂടെ കുറെ ദൂരം പുറകോട്ട് സഞ്ചരിച്ചു...

ഋതുമതിയായ കാലം മുതൽ മഹാമായികയുടെ അടുത്ത് കാമുകന്മാർ പ്രണയസല്ലാപങ്ങളുമായി വരാൻ തുടങ്ങിയിരുന്നു..

എപ്പോഴും എവിടെയും പാറിനടക്കുന്ന മാരുതനാണ് ആദ്യം അവളെ സമീപിച്ചത്. അവൾ എന്തോ ദിവാസ്വപ്നം കണ്ടുകൊണ്ട് ഉദ്യാനത്തിൽ ശയിക്കുകയായിരുന്നു.

അവൻ   ചെറിയൊരു മർമ്മരത്തോടെ പതുങ്ങി  വന്ന് അവളുടെ അരയിലെ പൊന്നരഞ്ഞാണത്തിന്റെ കിങ്ങിണികളെ മെല്ലെ കിലുക്കിക്കൊണ്ട് ചെവിയിൽ എന്തോ മന്ത്രിച്ചു..
"ഏയ്.."

മഹാമായിക ഒന്നും മിണ്ടിയില്ല. അവൾ ആദ്യമായ് പ്രണയത്തിന്റെ മാന്ത്രിക സുഖം നുകരുകയായിരുന്നു.

മാരുതൻ അരഞ്ഞാണത്തിൽ നിന്നും മെല്ലെ ഉയർന്നു പൊങ്ങി കുനുകുനെയുള്ള ചെറുരോമരാജികളിലൂടെ അവളുടെ ഉണ്ണിപ്പൂ വയറിലെ നാഭിക്കുഴിയിൽ കടന്ന് മുത്തമിട്ടു. പിന്നെ അവിടെ തത്തിക്കളിക്കാൻ തുടങ്ങി..

അവന്റെ അടവ് ഫലിച്ചു. ചെറിയൊരു ഉൾപ്പുളകത്തോടെ മഹാമായിക ഉണർന്നു..

"ആരാ, എന്താ?"
അവൾ കോപമഭിനയിച്ചുകൊണ്ട് ചോദിച്ചു.

"ഞാൻ മാരുതകുമാരൻ, ഞാൻ നിന്നെ പ്രണയിക്കുന്നൂ, സൗന്ദര്യധാമമേ."

"ഓഹോ, അങ്ങനെയോ! എങ്കിൽ കേട്ടുകൊള്ളൂ, എനിക്ക് പ്രണയമില്ല."

ഒരു അടക്കിയ ചിരിയോടെ അവൾ എങ്ങോട്ടോ ഓടി മറഞ്ഞു. അവളുടെ മോഹിപ്പിക്കുന്ന ചിരിനാദം പളുങ്കുമണികൾ പോലെ ചക്രവാളങ്ങളിൽ പൊട്ടിച്ചിതറി. പക്ഷെ മാരുതനുണ്ടോ വിടുന്നു, ഭൂമിയുടെ ഒരറ്റത്തു നിന്നും കാറ്റലകളായി ഉയർന്നുപൊങ്ങി അവൻ മഹാമായികയുടെ സുഗന്ധവും മണത്ത് അവളെ തിരഞ്ഞുകൊണ്ടിരുന്നു..

മഹാമായികയ്ക്ക് തന്നോട് പ്രണയമുണ്ടെന്ന് മാരുതകുമാരന് ഏതാണ്ടുറപ്പാണ്. ഒരുപക്ഷെ തന്റെ ഇഷ്ടത്തെ പരീക്ഷിച്ചറിയാൻ മറ്റെങ്ങോ മറഞ്ഞിരുന്നുകൊണ്ട് തന്നെ വീക്ഷിക്കുകയാകും അവൾ. ആ തുടിക്കുന്ന ചുണ്ടിലെ ചിരിയും, കടക്കണ്ണിന്റെ കുസൃതിയും, ഉടലഴകും ഒന്നടുത്ത് കാണാൻ ധൃതിയായി. ആ മധുസത്ത് നുകരുവാൻ ഇനിയും കാത്തിരിക്കാൻ വയ്യ.

അങ്ങനെ വായുവിലൂടെ പറന്നു പോകുമ്പോൾ പെട്ടെന്നാണ് സൗഗന്ധികങ്ങളുടെ ഉന്മേഷദായകമായ സുഗന്ധം അവന് അനുഭവപ്പെട്ടത്. അവൻ അതിന്റെ ഉറവിടം തേടി താഴേക്ക് വീശിയടിച്ചു.

അപ്പോൾ അവിടെ കടൽത്തീരത്ത് സ്വർണ്ണവർണ്ണ മണൽപ്പരപ്പിൽ മഹാമായികയുടെ സാന്നിധ്യം അവൻ തിരിച്ചറിഞ്ഞു.

സൂര്യതേജസ്സ് പൊന്നുവിതറിയ മനോജ്ഞമായ തീരത്ത് മഹാമായികയുടെ മത്ത് പിടിപ്പിക്കുന്ന നറുമണം അവനിൽ പടർന്നു കയറി.. അവളുടെ വിയർപ്പിന്റെ മാദകഗന്ധം അവനെ ഹർഷപുളകിതനാക്കി..

ആ കടൽപ്പരപ്പിലും, തീരത്തുമെല്ലാം അവൻ ആമോദമോടെ ചുറ്റിയടിച്ചു.. അവന്റെ വരവിൽ ആനന്ദം കൊണ്ട് മഹാമായികയും മനം മയക്കുന്ന നൃത്തച്ചുവടുകൾ വച്ചു...

രണ്ടുപേർക്കും കൃത്യമായ ആകാരം ഇല്ല, പക്ഷെ മാരുതകുമാരന്റെ കരസ്പർശം ഒരു ശില്പിയുടേതുപോലെ മഹാമായികയുടെ നിമ്നോന്നതങ്ങളിലൂടെയും, വടിവുകളിലൂടെയും അരിച്ചിറങ്ങിയപ്പോൾ അവൾക്ക് മോഹിപ്പിക്കുന്ന രൂപം കൈവന്നപോലെ തോന്നി.

ആദ്യാനുരാഗത്തിന്റെ ആവേശത്തിൽ, ആദ്യ സംഗമത്തിന്റെ നിർവൃതിയിൽ അവർ ആ കടൽത്തീരത്ത് തൂവാനത്തുമ്പികളേപ്പോലെ പറന്നുല്ലസിച്ചു.

ആവേശം കൊള്ളിക്കുന്ന പ്രണയാമൃത് ആ യുവമിഥുനങ്ങൾ മതിയാവോളം നുകർന്നു കൊണ്ടിരുന്നു. മധുവിധുകാലം കഴിഞ്ഞപ്പോഴേക്കും വിട ചൊല്ലാൻ നിൽക്കാതെ മഹാമായിക എങ്ങോ പോയ്മറഞ്ഞു..

എങ്കിലും അപ്പോഴേക്കും മാരുതകുമാരന്റെ ബീജം അവളിൽ പ്രവർത്തിച്ച് തുടങ്ങിയിരുന്നു. അധികം വൈകാതെ മഹാമായിക ആ പുതുജീവന്റെ തുടിപ്പുകൾ അനന്തവിഹായസ്സിൽ പെറ്റിട്ടു...

രണ്ടാമതായി മഹാമായികയുടെ ലാവണ്യം കവരാനെത്തിയത് വരുണൻ ആയിരുന്നു.

കടൽക്കരയിൽ അവൾ മാരുതകുമാരനുമൊരുമിച്ച് അനുരാഗം പങ്കിട്ട നിമിഷങ്ങളേപ്പറ്റി തിരകൾ വാചാലമായപ്പോൾ അത് കേട്ടുനിന്ന വരുണന്റെ മനസ്സിൽ സ്വപ്നങ്ങൾ നുരഞ്ഞുപൊങ്ങി.

വരുണൻ പക്ഷെ ഉണർന്ന് വന്നപ്പോഴേക്കും കടൽത്തീരം ശൂന്യമായിരുന്നു. ആരെയും മത്തുപിടിപ്പിക്കുന്ന മായികാവസന്തം തേടി അവൻ അലയാൻ തുടങ്ങി. അവളെ കാണാതെ കടന്നുപോകുന്ന ഓരോ നിമിഷങ്ങളിലും നെഞ്ചിലെ ഭാരം ഏറുകയാണ്, ഇഴഞ്ഞു നീങ്ങുകയാണ് ദിനരാത്രങ്ങൾ.

അവൾ തന്റെതാണെന്നതിലുപരി താൻ അവളുടേതാണെന്ന് മനസ്സ് പറയുന്നു..

അവളുടെ മടിത്തട്ടിൽ സ്നേഹത്തിന്റെ സമൃദ്ധിയുണ്ടെന്ന് താൻ സ്വപ്നത്തിൽ കണ്ടതാണ്; അവളിൽ ലയിച്ചു കിടന്ന്, ആ സമൃദ്ധിയിൽ നിന്നും സ്നേഹദളങ്ങൾ ഒന്നൊന്നായി പെറുക്കിയെടുത്തുകൊണ്ടങ്ങനെ യുഗങ്ങളോളം ജീവിക്കാൻ കഴിയണം.. അതിനുള്ള ദാഹമാണ് മനവും, തനുവും നിറയെ..

വരുണൻ ജലകണങ്ങളുടെ രൂപത്തിൽ മായികയെത്തേടി ആകാശത്തുകൂടെ ഒഴുകി നടന്നു. അവസാനം കുന്നുകളാൽ ചുറ്റപ്പെട്ട ഒരു താഴ്‌വരയിലെത്തിയപ്പോൾ സൗഗന്ധികങ്ങളുടെ ഉന്മേഷദായകമായ സുഗന്ധം അവൻ അനുഭവിച്ചറിഞ്ഞു.

അവൻ താഴെയെത്തി നോക്കിയപ്പോൾ മഹാമായികയുടെ മനം മയക്കും സാന്നിധ്യം അവിടെ കണ്ടു. മനസ്സിന്റെ ഓരോ അണുവിലും ഒരാളോടുള്ള പ്രേമവുമായി മനസ്സും ശരീരവും ഒന്നാക്കി അയാളെ അന്വേഷിച്ചിറങ്ങിയാൽ എന്നെങ്കിലും കണ്ടെത്തുമെന്ന് ഉറപ്പാണ്. പ്രണയം സത്യസന്ധമാണെങ്കിൽ അതൊരിക്കൽ സഫലീകൃതമാവുകതന്നെ ചെയ്യും.

അതാണ് വരുണന്റെ കാര്യത്തിൽ സംഭവിച്ചത്. അവനെ കണ്ടതും മഹാമായിക അവന്റെ തീവ്രമായ അനുരാഗം തിരിച്ചറിഞ്ഞു.

അപ്പോൾ അവൻ ചെറിയൊരു ചാറ്റൽ മഴയായി അവളുടെ മേൽ പെയ്യാൻ തുടങ്ങി.. മഴത്തുള്ളികൾ അവളുടെ മേനിയിൽ പുളകങ്ങൾ സൃഷ്ടിച്ചു.. അവളുടെ കാമരസം തുളുമ്പുന്ന അധരങ്ങളിൽ ഒരനുഭൂതി ഉതിർത്തുകൊണ്ട് മഴത്തുള്ളി വിളിച്ചു..
"ഏയ്.."

"എന്താ?"
മഹാമായിക പതിയെ കണ്ണുകൾ ഉയർത്തി അവനെ നോക്കി..

"ഞാൻ നിന്നെ പ്രണയിക്കുന്നു, മോഹനാംഗീ, ചാരേ വന്നണയൂ, പ്രിയേ."

മഹാമായികയുടെ ചുണ്ടുകളിൽ നിന്നും മഴത്തുള്ളികൾ താഴേക്ക് ഒഴുകിയിറങ്ങിയപ്പോൾ അവളുടെ ചുടുനിശ്വാസത്തിന്റെ കാറ്റേറ്റ് അവയ്ക്ക് ചൂടേറിയിരുന്നു. സ്ഫടികം പോലുള്ള ആ മഴത്തുള്ളികൾ പിന്നീട് അവളുടെ നിറഞ്ഞ മാറിലെ ചൂടുമായി അലിഞ്ഞു ചേർന്നപ്പോൾ

കോരിത്തരിച്ചുപോയ അവൾ തന്റെ മേച്ചിൽപ്പുറങ്ങളിലേക്കുള്ള കവാടങ്ങൾ അവനായ് തുറന്ന് കൊടുത്തു.

വരുണൻ ഒരു ശൃംഗാരച്ചിരിയോടെ മഹാമായികയുടെ നിറഞ്ഞ മേനിയിൽ ജലതരംഗങ്ങളാൽ ശ്രുതി മീട്ടി. എത്ര ഋതുക്കൾ കടന്നു പോയെന്ന് അവരറിഞ്ഞില്ല, കാരണം അവർക്ക് അനുഭവപ്പെട്ടത് വസന്തങ്ങൾ മാത്രമായിരുന്നു!

മധുവിധുവിന്റെ അവസാനം വരുണൻ സാഗരങ്ങളിലേക്ക് മടങ്ങിപ്പോയി...

മഹാമായികയാവട്ടെ  സമുദ്ര ഗഹനതയിൽ എണ്ണമില്ലാത്ത ജലജന്തുക്കൾക്ക് ജന്മം നൽകിയ ശേഷം ദൂരെയെവിടെയോ പോയ്മറഞ്ഞു.

മാരുതന്റെയും, വരുണന്റെയും കൂടെയുള്ള മധുരതരമായ സൃഷ്ടി പൂർത്തീകരണത്തിന് ശേഷം ക്ഷീണിതയായ മഹാമായികയെ അവളുടെ പുതിയ കൂട്ടുകാരനായ മേഘരൂപൻ രാത്രികളിൽ തന്റെ ഇരുൾ പുതപ്പിനുള്ളിൽ സംരക്ഷിക്കുകയും, പകലുകളിൽ സൂര്യതേജസ്സ് നൽകി പരിപോഷിപ്പിക്കുകയും ചെയ്തു.

ഈ സമയങ്ങളിലൊക്കെ "നീയെനിക്കേറ്റവും പ്രിയമുള്ളവൾ" എന്ന് മഹാമായികയുടെ കാതിൽ സ്വകാര്യം മൂളിക്കൊണ്ടാണ് അവൻ തന്റെ പ്രണയത്തെ വെളിപ്പെടുത്തിയത്.

തുടർന്ന് പക്ഷികളും, പറവകളുമായി മേഘരൂപന്റെ സന്തതി പരമ്പരകളേയും അവൾ നൊന്തു പ്രസവിച്ചു..

പിന്നീട് മഞ്ഞുമൂടിയ ഒരു പ്രഭാതത്തിൽ മഹാമായികയുടെ അർദ്ധനഗ്നമായ ശരീരത്തിൽ ആകൃഷ്ടനായി ജ്വാലയും വന്നണഞ്ഞു.

"ഹേ സുന്ദരീ, നിന്നെ ഞാൻ പ്രണയിച്ചോട്ടെ?"

ആ തണുപ്പുള്ള പ്രഭാതത്തിൽ തന്റെ വിറയ്ക്കുന്ന അധരങ്ങളിൽ ഒരു ചുടുചുംബനം അവൾ അറിയാതെ കൊതിച്ചുവെന്ന് ജ്വാലയ്ക്ക് തോന്നി. തുടുത്തുവിടർന്ന അധരങ്ങളിലൂടെ അവളുടെ ഗോതമ്പുനിറമുള്ള പൂമേനിയാകെ പുണരുവാൻ അഗ്നിജ്വാല തയ്യാറെടുത്തു.

തന്റെ തീയുടെ ചൂട് നിയന്ത്രിച്ച് അവൻ ഒരു കോമളകളേബരനായി അവൾക്കരികിലേക്ക് ചെന്നു.

ഋതുക്കൾ മാറി മാറി വന്നെങ്കിലും ആ പ്രണയജോഡികൾ ഭൂമിയുടെ ധ്രുവങ്ങളിലേക്ക് ചേക്കേറി. ജ്വാലയുടെ ചൂടും, ശിശിരത്തിന്റെ തണുപ്പും അവരുടെ പ്രണയരംഗങ്ങൾക്ക് ഉന്മാദം പകർന്നു നൽകി.

അങ്ങനെ മഹാമായിക പിന്നേയും പുതുജീവനുകൾക്ക് ജന്മം കൊടുത്തു.

ഏറ്റവും ഒടുവിലാണ് അവൻ വന്നത് - മണ്ണിന്റെ മണമുള്ള സുന്ദരൻ!
ദൃഢഗാത്രൻ! മൺകുമാരൻ..

വശ്യമായ പുഞ്ചിരിയോടെ അവൻ അവൾക്ക് നേരെ കരങ്ങൾ നീട്ടി..
"എന്റെ വിരിമാറിൻ സ്വസ്ഥതയിൽ വിശ്രമിക്കുന്ന കോമളാംഗീ, നിന്നിൽ ഞാൻ പ്രണയം ദർശിക്കുന്നു."

അതുകേട്ട് മഹാമായിക അവന്റെ മാറിലേക്ക് ഒട്ടിച്ചേർന്ന് കിടന്നു. അത് അവളുടെ പൂങ്കാവനങ്ങളിലേക്കുള്ള വിരുന്നു ക്ഷണമായി അവൻ മനസ്സിലാക്കി.

മൺകുമാരൻ അവളെ ഗാഢമായി ആലിംഗനം ചെയ്തു, ചുംബനങ്ങൾ കൈമാറിയിട്ട് അവൻ അവളെ തന്റെ ഓരത്ത് കിടത്തി അവളുടെ അഭൗമ സൗന്ദര്യം കൺകുളിർക്കെ കണ്ടാസ്വദിച്ചു.

മാർദ്ദവമായ നിറകുംഭങ്ങൾ കണക്കെ പൂർണ്ണ വൃത്താകാരത്തിൽ ഗജമസ്തകം പോൽ ഉയർന്ന് തുടുത്തു നിൽക്കുന്ന അവളുടെ കുളിർമുലക്കുടങ്ങളെ അവൻ തന്റെ ചെമ്മണ്ണ് കരതലം കൊണ്ട് കശക്കിയുടച്ചു..

അവന്റെ ശക്തിയിൽ, പുതുമഴയിലെ മണ്ണിന്റെ ഗന്ധത്തിൽ, അവന്റെ ശൃംഗാര ലാളനകളിൽ ആയിരം ഇതളുകളുള്ള രതിപുഷ്പങ്ങൾ വിടരുന്നത് അവൾ വികാരാവേശത്തോടെ അനുഭവിച്ചറിഞ്ഞു..

മൺകുമാരൻ ആകട്ടെ ഓരോ ഋതുക്കളുടെയും സവിശേഷ ഗുണങ്ങൾ ആവാഹിച്ചുകൊണ്ടാണ് അവളിൽ തന്റെ ബീജം പാകിയത്.

അവന്റെ സാരാംശം ഉൾക്കൊണ്ടുകൊണ്ട് മഹാമായിക ജന്മം കൊടുത്ത സസ്യലതാദികളും, മറ്റ് വനജന്തുക്കളും ഏത് കാലാവസ്ഥയേയും അതിജീവിക്കാൻ കഴിവുള്ളവരായിരുന്നു.

കാലചക്രം പിന്നേയും ഉരുണ്ടുരുണ്ട് അനേക കാതങ്ങൾ താണ്ടി മുന്നോട്ട് പോയി...

ഋതുക്കൾ മാറി മാറി വന്നു -
വസന്തവും, ഗ്രീഷ്മവും, വർഷവും, ശരത്, ഹേമന്ത, ശിശിരങ്ങളും വന്നുപോയി..

വൃക്ഷലതാദികൾ തളിർക്കുകയും, വളർന്ന് പൂവിടുകയും, കായ്ക്കുകയും പൊഴിയുകയും, വീണ്ടും തളിരിടുകയും ചെയ്തു കൊണ്ടിരുന്നു..

അപ്പോഴും ഒരു മാറ്റവുമില്ലാതെ ഒറ്റക്കാലിൽ നിന്ന് മഹാമായിക തന്റെ ഘോരതപസ്സ് തുടർന്നു. അവസാനം അവൾക്ക് ജ്ഞാനോദയം ഉണ്ടായി...

പഞ്ചഭൂതങ്ങൾ തമ്മിൽത്തമ്മിൽ കരുക്കൾ നീക്കി നടത്തുന്ന ഒരു മായിക ചതുരംഗക്കളിയാണ് ജീവിതം. അതിപ്പോൾ ഒരു ജീവിയുടേതായാലും, കോടാനുകോടി ജീവജാലങ്ങളും, പ്രകൃതിയുമൊക്കെയുള്ള പ്രപഞ്ച ശരീരമായാലും മാറ്റമേതുമില്ല, പഞ്ചഭൂതങ്ങൾ തന്നെയാണ് അവിടേയും കളി നിയന്ത്രിക്കുന്നത്.

ഭൂതശുദ്ധി വരുത്തി പഞ്ചഭൂതങ്ങളുടെമേൽ അധീശത്വം നേടിയെടുക്കുക എന്നതാണ് ശാന്തിയിലേക്കുള്ള ഏക മാർഗ്ഗം. ആസക്തിയിലൂടെ മാത്രമാണ് വിരക്തിയിലേക്ക് നീങ്ങാനാവുക എന്നവൾ മനസ്സിലാക്കി.

ബോധോദയം ഉണ്ടായിക്കഴിഞ്ഞപ്പോൾ തപസ്വിനി പഞ്ചഭൂതങ്ങളെ ഓരോരുത്തരെയായി ആവാഹിക്കാൻ തുടങ്ങി..

പക്ഷെ ഒരുൾക്കിടിലത്തോടെ അവളറിഞ്ഞു - ജലവും, അഗ്നിയും, വായുവും, ആകാശവുമെല്ലാം നഷ്ടവസന്തങ്ങളുടെ ഭാണ്ഡവും പേറി ഏന്തിവലിഞ്ഞാണ് വരുന്നത്. തന്നോടൊപ്പം പ്രണയം പങ്കുവച്ചവരുടെ കേവലമൊരു നിഴൽ മാത്രമായി അവരെല്ലാം മാറിയിരിക്കുന്നു!

അവരുടെ പ്രണയത്തിന് എന്ത് സുഗന്ധമായിരുന്നു അന്ന്. അത് തന്റെ കോമള മേനിയാകെ പുളകങ്ങൾ നെയ്തിരുന്നു. ആ പ്രണയാനുഭൂതിയിലേക്ക് ഊളിയിട്ട് അതിന്റെ അലകളിലൂടെ പറന്നു പറന്നു പോകുമ്പോൾ എത്രവട്ടം തന്റെ മനസ്സ് മന്ത്രിച്ചിരുന്നു അനുരാഗമാണ് പ്രപഞ്ചനിർമ്മിതിയുടെ മൂർത്തീഭാവമെന്ന്!

"ശക്തരായ നിങ്ങൾക്കെല്ലാം എന്താണ് സംഭവിച്ചത്?"
അവൾ ഓരോരുത്തരേയും മാറി മാറി നോക്കി അത്ഭുതപ്പെട്ടു.

ഭൂതശക്തികളായ മാരുതനും, വരുണനും, മേഘരൂപനും തങ്ങൾക്ക് നേരിടേണ്ടിവന്ന ദുർഗതികൾ വിവരിക്കാൻ തുടങ്ങി...

ഈ സമയം അങ്ങോട്ടുവന്ന മൺകുമാരനാകട്ടെ അർദ്ധനഗ്നയായ മായികയുടെ പൂമേനിയിൽ ആകൃഷ്ടനാകുന്നു.. അവളെ പ്രാപിക്കുവാനായി അവൻ അവൾക്ക് ചുറ്റും ഒരു മൺപുറ്റായി വളർന്നു. പക്ഷേ അതിശയമെന്നു പറയട്ടെ എത്രമാത്രം ശ്രമിച്ചിട്ടും ശക്തനായ അവന് ഉദ്ധാരണം ഉണ്ടായില്ല! അപകർഷതാ ബോധത്താൽ അവൻ മുഖം കുനിച്ചു.
മൺകുമാരന്റെ സങ്കടം കണ്ട് മഹാമായിക വിലപിച്ചു..

"ഓ കോമളകളേബരനായ മൺഭൂതമേ, അന്ന് നീ പകർന്നുതന്ന പരമാനന്ദ രസം എന്നെങ്കിലുമെനിക്ക് മറക്കുവാനാകുമോ? അതിന്റെ ഓരോ അടയാളങ്ങളും ഇന്നുമെന്നെ പുളകം കൊള്ളിക്കാറുണ്ട്. നിന്റെ ദൃഢഗാത്രത്തിൽ ഒരു കാഞ്ചനലതപോൽ പടർന്നു കയറാൻ തപസ്സിൽ നിൽക്കുമ്പോൾ പോലും എന്നിൽ മോഹമുണർന്നിരുന്നു. പക്ഷെ, ഇപ്പോൾ എന്നെയൊന്നു പുൽകാൻ പോലും നിനക്കാവുന്നില്ലല്ലോ.. നിന്റെ ശരീരമാകെ വെന്തു വെണ്ണീറായി; നിന്നിൽ വിളയും കായ്കനികൾക്ക് രുചിയും കെട്ടുപോയിരിക്കുന്നു! നിനക്കിതെന്തു പറ്റീ, മൺകുമാരാ!"

അതിനുത്തരം പറഞ്ഞത് പഞ്ചഭൂതങ്ങൾ ഒരുമിച്ചാണ്. അവർ കിതച്ചുകൊണ്ട് ഭൂമിയിലെ വിശേഷങ്ങൾ പങ്കുവച്ചു..

"നീയറിഞ്ഞില്ലേ, തപസ്വിനീ, നിന്റെ മക്കളിൽ ഭോഗപ്രിയനായ മാനവൻ ഞങ്ങളുടെ ഉൾക്കരുത്ത് തച്ചുടച്ചു. കാടും, തോടും, മാമലകളും, ആഴിയും, എന്നു വേണ്ട ഭൂമി മുഴുവനും മലീമസമാക്കി. ഋതുക്കളും, കാലവർഷവുമൊക്കെ കാലം തെറ്റി, ഞാറ്റുവേലകളും, കൃഷിയും, തുമ്പിതുള്ളലും എല്ലാം നിഷ്പ്രഭമായി.. എങ്ങും മഹാപ്രളയവും, വരൾച്ചയും മാത്രം. ഓരോ നശീകരണങ്ങൾ നടത്തുമ്പോഴും 'മാ മാനവാ' എന്ന് ഞങ്ങൾ അവരോട് പറഞ്ഞുകൊണ്ടിരുന്നു, ഓരോ അടയാളങ്ങളിലൂടെ. പക്ഷെ, ആ മുന്നറിയിപ്പുകൾ കേൾക്കാൻ പറ്റാത്തവിധം മനുഷ്യൻ ഞങ്ങളിൽ നിന്നും ഒത്തിരി അകന്നുപോയിരുന്നു."

അതുകേട്ട് മഹാമായിക പ്രകൃതിദേവിയവൾ ഏറെ സങ്കടപ്പെട്ടു..
"ഓ, അത് സംഭവിച്ചു കഴിഞ്ഞല്ലേ? മഞ്ഞുപെയ്യുന്ന ചില പുലർകാലങ്ങളിൽ ഒരു പേടിസ്വപ്നമായി ആ സംഭവങ്ങൾ എന്റെ മനസ്സിൽ നിഴലാട്ടം നടത്തിയിരുന്നു..
ഇനിയിപ്പോ എല്ലാം സഹിക്കതന്നെ സർവ്വവിനാശം തൊട്ടടുത്തെത്തിയല്ലോ;
സ്വയംകൃതാനർത്ഥം!"

പഞ്ചഭൂതങ്ങളെ കരുണയോടെ നോക്കി മഹാമായിക ഓരോന്ന് പുലമ്പിക്കൊണ്ടിരുന്നു..

**ശുഭം**

**© 2024 സജി ഇളയതു**